## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 448

**10.06.2014**- ൽ മറുപടിക്ക്

### സഹകരണ സംഘങ്ങൾക്ക് ഇളവുകൾ അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എം. ആരിഫ് :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ പുതുതായി രൂപീകരിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനമായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) പുതുതായി രൂപീകരിക്കുന്ന സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എല്ലാ സഹകരണ സംഘങ്ങളേയും അവയുടെ ആദ്യ വർഷത്തെ ആഡിറ്റ് ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| ബി) വിവിധ സർക്കാർ വകുപ്പുകളുടെവക കെട്ടിടങ്ങളോ, സ്ഥലമോ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്കോ ലീസിനോ നൽകുമ്പോൾ എന്തെല്ലാം ഇളവുകളാണ് നൽകാറുള്ളത്; വിശദമാക്കുമോ; | (ബി) സർക്കാർ കെട്ടിടമോ സ്ഥലമോ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്കോ ലീസിനോ നൽകുമ്പോൾ ഇളവുകൾ നൽകുന്നതിന് വ്യവസ്ഥയില്ല. |
| സി) സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്കും നൽകുന്ന ഇളവുകൾപോലും സഹകരണ സംഘങ്ങൾക്ക് നൽകുന്നില്ലായെന്ന പരാതി ഗൗരവമായി കാണുമോ;<br>ഡി) പ്രസ്തുത പരാതി പരിഹരിക്കാൻ സർക്കാർ നടപടികൾ കൈക്കൊള്ളുമോ? | (സി) യും (ഡി) യും: അപ്രകാരം പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്ന പക്ഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ